ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് ഇ-ഫയലിംഗും ആധുനിക സാങ്കേതിക വിദ്യകളും

30 (*180) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും ഏറ്റവും വേഗം ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും ഫയൽ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഫയലുകളിന്മേൽ താഴ്ന്ന ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ആധുനിക സാങ്കേതിക വിദ്യകളും, ഇ-ഫയലിംഗ് ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സെക്രട്ടറി തലത്തിൽ റിവ്യൂ മീറ്റിങ്ങുകളും ഫയൽ അദാലത്തും നടത്തി വരുന്നുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ നടപടികൾ എളുപ്പവും, കാര്യക്ഷമവും ആക്കുവാൻ NIC-യുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു.

(ബി) വിവിധ വകുപ്പ തലവൻമാരുടെ ഓഫീസുകളിൽ നിന്നും താഴെയുള്ള ഓഫീസുകളിൽ നിന്നും റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ നടപടികൾ എളുപ്പവും കാര്യക്ഷമവും ആക്കുവാൻ NIC-യുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. ഇ-ഫയലിംഗ്, നോളഡ്ജ് മാനേജ്മെന്റ് സിസ്റ്റം,

LIBRARY ARCHIVES Kerala Legislative Assembly

കൊളാബ്രേഷൻ&മെസ്സേജിംഗ് സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു രേഖയെ വിശ്വാസയോഗ്യമാക്കുവാൻ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ആ രേഖയെ ഡിജിറ്റൽ ഒപ്പ് ചെയ്യുവാൻ സാധിക്കും. ഇതുവഴി ഫയൽ തീർപ്പാക്കൽ നടപടികൾ വേഗത്തിലാകുന്നതാണ്. അടുത്ത ഘട്ടത്തിൽ ഡയറക്ടറേറ്റിലും സബ്ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം പരിശോധിക്കുന്നതിന് കമ്മിറ്റി

1 (1865) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ജനപ്രതിനിധികളടങ്ങിയ എന്തെങ്കിലും കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ രൂപീകരണം എന്നായിരുന്നുവെന്നും ആരെല്ലാമാണ് ഇതിൽ അംഗങ്ങളെന്നും വ്യക്തമാക്കുമോ ;

(സി) ഇത് എത്ര പ്രാവശ്യം, ഏതെല്ലാം തീയതികളിൽ യോഗം ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-7-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 83/2010/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിക്കുകയുണ്ടായി. ടി ഉന്നതാധികാര സമിതി 20-8-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 85/2011/പ.ജ.പ.വ.വി.വ ഉത്തരവുപ്രകാരം പുനഃസംഘടിപ്പിച്ചു. പ്രസ്തുത ഉന്നതാധികാര സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്. മുഖ്യമന്ത്രി ചെയർമാനും പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും ടൂറിസവും വകുപ്പുമന്ത്രി വൈസ് ചെയർമാനും എം.എൽ.എ.-മാരായ സർവ്വശ്രീ കെ. അച്ചുതൻ, എ. റ്റി. ജോർജ്, ഡൊമിനിക് പ്രസന്റേഷൻ, റ്റി. എൻ. പ്രതാപൻ, എ. പി. അബ്ദുള്ളക്കുട്ടി, സി. പി. മുഹമ്മദ്, ഹൈബി ഈഡൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, കെ. എം. ഷാജി, എ.എ. അസീസ്, കെ. കെ. ജയചന്ദ്രൻ, കെ. രാജു., ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly